(എ) സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം എത്ര വാഹന പരിശോധന നടത്തിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹന പരിശോധന പ്രകാരം എന്തു തുക ഫൈൻ ചുമത്തിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ)& (ബി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

77 (369) പാചകവാതകമുപയോഗിച്ചുള്ള വാഹനങ്ങൾ

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതകമുപയോഗിച്ച് വാഹനം ഓടിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) വാഹനങ്ങൾ ഗ്യാസ് സിലിണ്ടർ ഘടിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഗ്യാസ് ഉപയോഗിച്ച വാഹനങ്ങൾ തീപിടിച്ച എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ഇ) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഈ കാര്യത്തിൽ ഒരു നോട്ടിഫിക്കേഷന്റെ കരട് സർക്കാർ പരിഗണനയിലാണ്.

(ബി) നൽകിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 3 സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വാഹനങ്ങളിൽ ബദൽ ഇന്ധനമെന്ന നിലയിൽ എൽ.പി. ഗ്യാസ് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതോടൊപ്പം ഗ്യാസ് ഉപയോഗിക്കുന്ന വാഹനങ്ങൾ തീപിടിച്ച് ഉണ്ടാകുന്ന അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കൈക്കൊള്ളേണ്ട സുരക്ഷാ നടപടികളെക്കുറിച്ചും സർക്കാർ പരിശോധിച്ചു വരുന്നു.

78 (370) ജലഗതാഗതം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. രാജു :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീ. യു.എസ്. ശശി :

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം എത്ര ജില്ലകളിൽ നടന്നു വരുന്നുണ്ട്; എവിടെയെല്ലാം എന്നു വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ശതമാനം ആളുകൾ ജലഗതാഗത മാർഗ്ഗം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജലഗതാഗത വകുപ്പിന്റെ കീഴിൽ എത്ര ബോട്ടുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്;

(ഡി) വർദ്ധിച്ചു വരുന്ന ആവശ്യം പരിഗണിച്ച് ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം, കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ആറു ജില്ലകളിൽ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം നടന്നു വരുന്നു.

(ബി) ഡിപ്പാർട്ടുമെന്റ് സർവ്വീസ് നടത്തുന്ന ആറു ജില്ലകളിലെ ജനസംഖ്യയുടെ 42.85 ശതമാനം ജലഗതാഗത മാർഗ്ഗം ഉപയോഗപ്പെടുത്തുന്നതായി കണക്കാക്കിയിരിക്കുന്നു.

(സി) ജലഗതാഗത വകുപ്പിന്റെ കീഴിൽ ഇപ്പോൾ 63 ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ഡി) കോഴിക്കോട് ജില്ലയിലെ ചാലിയം-ബേപ്പൂർ ബോട്ട് സർവ്വീസ് ജലഗതാഗതവകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. വടക്കേ മലബാറിലെ സുൽത്താൻ കനാലിൽ പറശ്ശിനി കോട്ടപ്പുറം റൂട്ടിൽ ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. എറണാകുളം മേഖലയിലെ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് പുതിയ മൂന്ന് ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. സർവ്വീസുകൾ കാര്യക്ഷമമാക്കുന്നിന് പരീക്ഷണം എന്ന നിലയിൽ ഒരു സ്റ്റീൽ ബോട്ട് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി കഴിഞ്ഞു. പഴയ എഞ്ചിനുകൾ മാറ്റി പുതിയവ ഘടിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം 12 ലെയ്ലാന്റ് എഞ്ചിനുകളും 5 ഫീറോ എഞ്ചിനുകളും വാങ്ങി ഫിറ്റ് ചെയ്തിട്ടുണ്ട്. ഈ വർഷം പുതിയ 12 ലെയ്ലാന്റ് എഞ്ചിനുകൾ വാങ്ങുവാനുള്ള നടപടി പൂർത്തിയാക്കി വരുന്നു.

79 (371) ജലഗതാഗത ഓഫീസിന് സ്വന്തമായി കെട്ടിടം

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ-തൃക്കരിപ്പൂർ-ഹോസ്ദുർഗ്ഗ് നിയോജക മണ്ഡലങ്ങളെ ബന്ധപ്പെടുത്തി സർവ്വീസ് നടത്തിവരുന്ന കൊറ്റി-കോട്ടപ്പുറം ജലഗതാഗത സർവ്വീസുമായി ബന്ധപ്പെട്ട ഓഫീസ് ഇപ്പോൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;